# പ്രവാചകന്മാരുടെ നിയോഗലക്ഷ്യം

**യഥാർഥ** ശത്രുവും മിത്രവും ആരെന്നറിഞ്ഞു കഴിഞ്ഞാൽ പിന്നെ രക്ഷാമാർഗം കണ്ടെത്തുക എളുപ്പമാകുന്നു. അതിനു പക്ഷേ, അല്ലാഹു മിത്രവും ചെകുത്താൻ ശത്രുവുമാകുന്നു എന്ന കേവല വിവരം മതിയാവില്ല. രണ്ടിനെയും അറിയേണ്ട മാതിരി തന്നെ അറിയണം. ദൈവത്തെയും ചെകുത്താനെയും നിഷേധിക്കാത്ത ആർക്കും യഥാർഥ ശത്രുവിനെയും മിത്രത്തെയും അംഗീകരിക്കാൻ പ്രയാസമുണ്ടാവില്ല. അങ്ങനെയുള്ള വെറുമൊരു അംഗീകരണം മാത്രം പോരാ, നമുക്ക് ശത്രുവിൽനിന്നകലാനും മിത്രത്തോടടുക്കാനും. അല്ലാഹുവിനെയും ചെകുത്താനെയും സംബന്ധിച്ച ബോധം നമ്മുടെ ഒരടിസ്ഥാന ജ്ഞാനമായിരിക്കണം, ജീവിതത്തിന്റെ മൗലിക വർണമായിരിക്കണം, സമസ്ത വ്യവഹാരങ്ങളുടെയും നിയാമക ഘടകമായി വർത്തിക്കണം. എങ്കിലേ ഈ അറിവ് നമ്മെ ശത്രുവിൽനിന്നകറ്റുകയും മിത്രത്തോടടുപ്പിക്കുകയും ചെയ്യൂ. ഇല്ലെങ്കിൽ അല്ലാഹുവാണ് യഥാർഥ മിത്രം എന്നറിഞ്ഞുകൊണ്ടുതന്നെ നാം അവനിൽനിന്നകന്നുകൊണ്ടിരിക്കും. ചെകുത്താൻ യഥാർഥ ശത്രുവാണെന്നറിഞ്ഞുകൊണ്ട് അവനോടടുത്തുകൊണ്ടിരിക്കുകയും ചെയ്യും. വിശ്വാസികൾ എന്നവകാശപ്പെടുന്ന എത്രയോ ആളുകൾ നമുക്ക് ചുറ്റും ചെകുത്താന്റെ ദാസന്മാരായി വാഴുന്നില്ലേ? എന്തിനേറെ, നാം തന്നെ പലപ്പോഴും ചെകുത്താന്റെ വഴിയിൽ സഞ്ചരിക്കുന്നില്ലേ?! അല്ലാഹുവിന്റെ മൈത്രിയെയും ചെകുത്താന്റെ ശത്രുതയെയും കുറിച്ച് അറിയാത്തതുകൊണ്ടല്ല അങ്ങനെ സംഭവിക്കുന്നത്. പ്രത്യുത, നമ്മുടെ അറിവ് ബാഹ്യമാത്രവും നിർജീവവുമായതുകൊണ്ടാണ്.

യഥാർഥ ശത്രുവിനെയും മിത്രത്തെയും നാം നഗ്ന ദൃഷ്ടികൊണ്ട് കാണുന്നില്ല. എങ്കിലും ശത്രുവും മിത്രവും നമ്മുടെ ഉള്ളിൽതന്നെയുണ്ട്. രണ്ടു കൂട്ടരും നമ്മെ അവരവരുടെ വശങ്ങളിലേക്ക് പിടിച്ചു വലിച്ചുകൊണ്ടിരിക്കുന്നു. ഓരോ മനുഷ്യന്റെയും അന്തരാളത്തിൽ നന്മയുടെയും തിന്മയുടെയും വിരുദ്ധ പ്രവണതകൾ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതായി വിശുദ്ധ ഖുർആൻ (91:8) പറയുന്നു. തിന്മയുടെ പ്രവണതയെ തളർത്തുകയും നന്മയുടെ പ്രവണതയെ വളർത്തുകയും ചെയ്യുന്നവർ വിജയകരമായ ജീവിതസാക്ഷാത്കാരം നേടുന്നു. നന്മയെ തളർത്തുകയും തിന്മയെ വളർത്തുകയും ചെയ്യുന്നവർ പരാജയത്തിൽ പതിക്കുന്നു. മനസ്സിന്റെ ദുഷ്പ്രവണതകൾ ചെകുത്താനെ പ്രതിനിധീകരിക്കുന്നു. സദ്ഭാവങ്ങൾ ദൈവത്തെയും.

ജീവിതത്തിന്റെ ഓരോ നിമിഷവും, നാം അഭിമുഖീകരിക്കുന്ന ഓരോ മണൽത്തരിയും നമ്മുടെ മുന്നിൽ ചോദ്യങ്ങളുയർത്തുന്നു; എങ്ങനെയാണതിനെ സമീപിക്കേണ്ടതെന്നാണ് ചോദ്യം. ഉത്തരങ്ങൾ രണ്ടു വശത്തുനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ ഉത്തരങ്ങളിൽ ശത്രുവിന്റേതും മിത്രത്തിന്റേതും വേർതിരിച്ചു മനസ്സിലാക്കുകയാണ് നാം നേരിടുന്ന സങ്കീർണമായ പ്രശ്നം, രൂക്ഷമായ പരീക്ഷണം. നിങ്ങൾക്ക് പണത്തിനു വളരെ ബുദ്ധിമുട്ടുള്ള സന്ദർഭം. വഴി നടന്നുപോകുമ്പോൾ വലിയൊരു പണക്കിഴി വീണു കിട്ടുന്നു. നിങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള പണം അതിലുണ്ട്. ആരും നിങ്ങളെ കണ്ടിട്ടില്ല. ഇവിടെ രണ്ടുതരം ഉപദേശങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നു: ഒന്ന്, ആ പണമെടുത്ത് സ്വന്തമാക്കി ആവശ്യങ്ങൾ നിവർത്തിക്കുക. രണ്ട്, പാടില്ല. അത് അന്യന്റേതാണ്. എടുത്ത് യഥാർഥ ഉടമയെ കണ്ടുപിടിച്ച് ഏൽപിക്കുക. അല്ലെങ്കിൽ ഉത്തരവാദപ്പെട്ട കേന്ദ്രത്തിലെത്തിക്കുക. മനസ്സിൽ ധർമവിചാരം തീരെയില്ലാത്തവർ ആദ്യത്തെ ഉത്തരവും മനസ്സിനെ ധർമവിചാരം കൊണ്ട് സംസ്കരിച്ചവർ രണ്ടാമത്തെ ഉപദേശവും നിസ്സങ്കോചം സ്വീകരിക്കുന്നു. ദൈവവിശ്വാസമുണ്ടെങ്കിലും അത് ജീവിതത്തിന്റെ അടിസ്ഥാന വർണമായിട്ടില്ലാത്തവർ ചിന്താകുഴപ്പത്തിലാകുന്നു. ചെകുത്താൻ പലവക ന്യായങ്ങൾ നിരത്തി അയാളെ പ്രലോഭിപ്പിക്കുന്നു. ചിലപ്പോൾ, നിങ്ങളുടെ ദുരവസ്ഥയിൽ കനിഞ്ഞ് ദൈവം തന്നെ നിങ്ങൾക്കായി ഇട്ടിട്ടുപോയതാണാ കിഴിയെന്നും അതെടുത്ത് സ്വന്തമാക്കാതിരിക്കുന്നത് ദൈവത്തോടുള്ള നന്ദികേടാകുമെന്നും വരെ അവൻ നിങ്ങളെ ഭ്രമിപ്പിച്ചെന്നുവരും. അതേക്കുറിച്ചാണ് ഖുർആൻ ആവർത്തിച്ചു മുന്നറിയിപ്പ് നൽകുന്നത്: “വ്യാമോഹിപ്പിച്ചു വഞ്ചിക്കുന്നവൻ (ചെകുത്താൻ) നിങ്ങളെ അല്ലാഹുവിനെക്കുറിച്ച് വ്യാമോഹിപ്പിച്ചു വഞ്ചിക്കാതിരിക്കട്ടെ” (31:33, 35:5).

നമ്മുടെ ഉള്ളിൽ തന്നെയുള്ള പൈശാചിക പ്രവണതകളിൽനിന്ന് മനസ്സിനെ മോചിപ്പിച്ച് ശുദ്ധീകരിച്ചു വളർത്തുന്നതിനാണ് *തസ്കിയത്തുന്നഫ്സ്*- ആത്മസംസ്കരണം- എന്നു പറയുന്നത്. ഈ സംസ്കരണമായിരുന്നു പ്രവാചകനിയോഗങ്ങളുടെ ലക്ഷ്യം. ഖുർആൻ അക്കാര്യം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്: “നിരക്ഷരജനത്തിലേക്ക് അവരിൽനിന്നൊരു ദൂതനെ നിയോഗിച്ചത് അവനാകുന്നു; അദ്ദേഹം അവരെ അവന്റെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കാനും സംസ്കരിക്കാനും വേദവും വിവേകവും പഠിപ്പിക്കാനും. മുമ്പവർ തികച്ചും വഴിപിഴച്ചവരായിരുന്നുവല്ലോ” (62:27). “നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങളെ സംസ്കരിക്കുകയും വേദവും വിവേകവും പഠിപ്പിക്കുകയും നിങ്ങൾക്കറിയാത്ത പല വിവരങ്ങളും അറിയിക്കുകയും ചെയ്യുന്ന ഒരു ദൂതനെയിതാ നിങ്ങളിൽനിന്നുതന്നെ നിങ്ങൾക്കയച്ചുതന്നിരിക്കുന്നു” (2:51). തന്റെ പിൻഗാമികളിലേക്ക് പ്രവാചകനിയോഗം അപേക്ഷിച്ചുകൊണ്ട് ഇബ്റാഹീം നബി(അ) നടത്തിയ പ്രാർഥനയിലും ഈ ലക്ഷ്യം പരാമർശിച്ചതായി കാണാം: “നാഥാ, നിന്റെ സൂക്തങ്ങൾ ഓതിക്കൊടുക്കുകയും വേദവും വിവേകവും പഠിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവർക്കായി നീ അവരിൽനിന്ന് നിയോഗിക്കേണമേ” (2:129). സംസ്കരണത്തോടൊപ്പം വേദബോധനവും വിവേകശിക്ഷണവും പറയുന്നത് വ്യത്യസ്ത ലക്ഷ്യങ്ങളായിട്ടല്ല; സംസ്കരണം എന്ന ലക്ഷ്യപൂർത്തീകരണത്തിനുള്ള ഉപാധികളായിട്ടാണ്.

പ്രവാചകന്മാരും വേദങ്ങളും ഉപദേശിക്കുന്ന അനുഷ്ഠാനങ്ങളുടെ ലക്ഷ്യവും ഈ സംസ്കരണം തന്നെയാണ്. “നമസ്കാരം തീർച്ചയായും അധർമങ്ങളെയും മ്ലേഛവൃത്തികളെയും തടയുന്നു” (29:45). സകാത്ത് ഉൾപ്പെടെയുള്ള ധനവ്യവയങ്ങൾ അനുശാസിച്ചത് മനസ്സിന്റെ ലോഭത്തെ കീഴടക്കുന്നതിനാകുന്നു (59:9). വ്രതാനുഷ്ഠാനം നിശ്ചയിച്ചത് തഖ്വക്ക്- മനസ്സിൽ ദൈവവിചാരവും ധർമബോധവും സജീവമാകുന്നതിനു-വേണ്ടിയാണ് (2:183). സംസ്കരണം അഥവാ ചെകുത്താനിൽനിന്നുള്ള മോചനം നേടുന്നില്ലെങ്കിൽ അനുഷ്ഠാനങ്ങൾ വ്യർഥമാകുന്നു.

ജീവിതത്തിന്റെ ഓരോ ചുവടുവെപ്പും നേരിടുന്ന ചോദ്യങ്ങൾക്ക് ചെകുത്താൻ നൽകുന്ന ഉത്തരവും അല്ലാഹു നൽകുന്ന ഉത്തരവും മാറ്റുരച്ചു വേർതിരിക്കാനുള്ള ഉരകല്ലാണ് അല്ലാഹു അവതരിപ്പിച്ചുതന്ന വേദം- *ഫുർഖാനുൽ അളീം*. ജീവിത സംസ്കരണത്തിന്റെയും മലിനീകരണത്തിന്റെയും മാനദണ്ഡവും അതുതന്നെ. ●